# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.4/310/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.4/310/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 25-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
2.ശ്രീ.റോയ്.റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.ശ്രീകാന്ത്.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാനി കുരുമ്പോലിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.ഷാജഹാൻ.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ധനലക്ഷ്മി.പി | കൃഷി ഓഫീസർ | 01-04-2021 | 07-10-2021 |
| ശ്രീമതി.വിശ്വജ്യോതി.കെ | കൃഷി ഓഫീസർ | 08-10-2021 | 31-03-2022 |
| ഡോ.ഐസക് സാം | വെറ്റിനറി സർജൻ | 01-04-2021 | 15-05-2021 |
| ഡോ.അരുണോദയ.പി.വി | വെറ്റിനറി സർജൻ | 16-05-2021 | 23-07-2021 |
| ഡോ.ഷിബു.കെ.എസ് | വെറ്റിനറി സർജൻ | 24-07-2021 | 31-03-2022 |
| ശ്രീമതി.ദീപാ രവി.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി.അജിത.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ഡോ.ആനന്ദ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.സനിത.ബി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.സജീവ്.വി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.സബീന | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷേളി.എം.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-05-2021 |
| ശ്രീമതി.റജീന.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2021 | 31-03-2022 |
| ശ്രീമതി.രാജലക്ഷ്മി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു ഗോപാൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അഖിൽ പ്രസാദ്.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.സിബി സോമൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആരാധന | എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | തൊഴിൽ/സ്ഥാപന നികുതി ഒടുക്കുവരുത്തിയിട്ടില്ല | 1-10 |
| 12 | പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല | 1-11 |
| 13 | ഐ.കെ.എം വരിസംഖ്യ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-12 |
| 14 | കുടിവെള്ള പദ്ധതി- ബോർവെൽ നിർമാണം- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല. | 1-13 |
| 15 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 16 | ജീവിത ശൈലി രോഗ നിയന്ത്രണ സാമഗ്രികൾ വാങ്ങൾ - ഗ്ലൂക്കോമീറ്റർ സ്ട്രിപ്പിന് അധിക നിരക്ക് ഈടാക്കി. | 1-15 |
| 17 | ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - ആവശ്യപ്പെട്ട മരുന്നുകൾ വിതരണം ചെയ്തില്ല. | 1-16 |
| 18 | സാന്ത്വന പരിചരണ പദ്ധതി - പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ. | 1-17 |
| 19 | മുട്ടക്കോഴി വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-18 |
| 20 | പത്താംതരം തുല്യതാപഠനം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-19 |
| 21 | എസ്സ്എസ്സ്എ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 |
| 22 | അനുപൂരക പോഷകാഹാരം - സാധനങ്ങളുടെ വിലനിലവാരം പരിശോധിക്കപ്പെടുന്നില്ല | 1-21 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 24 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തതു സംബന്ധിച്ച്. | 1-23 |

| | | |
|---|---|---|
| 25 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല | 1-24 |
| 26 | പി.എച്ച്.സി സബ്സെന്റർ കെട്ടിട നിർമാണം - ഫൌണ്ടേഷൻ നിർമാണത്തിന് മാത്രമായി പ്രോജക്ട് ഏറ്റെടുത്തു. | 1-25 |
| 27 | ഗ്രാവൽ ഫില്ലിംഗ്-ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല നഷ്ടം | 1-26 |
| 28 | ബാരൽ വില ഈടാക്കിയില്ല- നഷ്ടം 10397/-രൂപ | 1-27 |
| 29 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം 20770/-രൂപ | 1-28 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഡിസ് പ്ലേ ബോർഡിന് ഉയർന്ന തുക ചെലവഴിക്കുന്നു. | 1-29 |
| 31 | വേണാട്ട്തറ – ചെമ്പകശ്ശേരി റോഡിന് ഓട നിർമ്മാണം (RC-302896) - കവറിംഗ് സ്ലാബ് ഇല്ലാതെ ഓട നിർമ്മാണം നടത്തിയതു സംബന്ധിച്ച്. | 1-30 |
| 32 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് റോഡ് നിർമ്മാണം .- അപാകതകൾ. | 1-31 |
| 33 | കരാറുകാരിൽ നിന്നും ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതെ തുക നൽകി. | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല -അധിക ചെലവ് | 3-1 |
| 2 | ഗ്രാവൽ ഫില്ലിംഗ്-ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല നഷ്ടം 4986/-രൂപ | 3-2 |
| 3 | ബാരൽ വില ഈടാക്കിയില്ല- നഷ്ടം 10397/-രൂപ | 3-3 |
| 4 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം 20770/-രൂപ | 3-4 |
| 5 | മുട്ടക്കോഴി വിതരണ (എസ്.സി) (പ്രോ.നം 89/22) - തുക അധികം നൽകി. | 3-5 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.03.2021 തീയതിയിലെ 1(6) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 14.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 212358192 | 209060221 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 175592981 | 172934700 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 19.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.എസ്.ബി.ഐ ഇ-പെയ്മെന്റ് അക്കൌണ്ട് (67395589972) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ വൌച്ചർ നമ്പറും തീയതിയും മാത്രം രേഖപ്പെടുത്തി ധാരാളം തുകകൾ നല്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് മേൽ തുകകൾ 01-2023-ലെ റിക്കൺസിലിയേഷനിൽ ക്രമീകരിച്ചിട്ടുണ്ട്.

2.വികസന ഫണ്ട് ജനറലിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം തൻവർഷം ലൈഫ് ലോൺ ഉൾപ്പെടെ ഈയിനത്തിലെ ആകെ ചെലവ് 17747369/-രൂപയാണ്. എന്നാൽ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ എന്നിവ പ്രകാരം ഈയിനത്തിലുള്ള ആകെ തുക 17729000/-രൂപയാണ്. 18369/- രൂപയുടെ വ്യത്യാസത്തിന് കാരണം ട്രഷറിയിൽ നല്കിയ ബിൽ നാളിതുവരെയായും മാറുകയോ റിജക്ട് ചെയ്യുകയോ ചെയ്യാത്തതാണെന്നറിയിച്ചു. ട്രഷറിയിൽ നിന്നും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

4.കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ മാലിത്തറ വാർഡ്-12, ചാലക്കൽ വാർഡ്-5 എന്നീ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ആലപ്പുഴ ഭൂജല വകുപ്പ് ഡിസ്ട്രിക്ട് ഓഫീസറുടെ അക്കൌണ്ടിലേയ്ക്ക് 1884000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായതായും കാണുന്നില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ 942000/-രൂപ മാത്രമാണ് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഹെഡ് മാറി പോസ്റ്റ് ചെയ്തതാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് മറുപടി നല്കി. ആയത് അഡ്വാൻസെന്ന നിലയിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

5.തൻവർഷം ഹെൽത്ത് സെന്റർ പമ്പ് ഹൌസ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് 332000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കുന്നത് 2022-23 സാമ്പത്തിക വർഷമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ 90000/-രൂപ മാത്രമാണ് വാട്ടർ അതോറിറ്റിയിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഹെഡ് മാറി പോസ്റ്റ് ചെയ്തതാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് മറുപടി നല്കി. അവശേഷിക്കുന്ന തുകയും അഡ്വാൻസെന്ന നിലയിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15902248 |
| വരവ് | 77893197 |
| ആകെ | 93795445 |
| ചെലവ് | 74055440 |
| നീക്കിയിരിപ്പ് | 19740005 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 183539 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5242428 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 17747369 | 17747369 | 3085275 | 14643725 | 18369 ലാപ്സായി |
| വികസന ഫണ്ട്- എസ്.സി.പി | 0 | 6419867 | 6419867 | 372059 | 5872443 | 175365 ലാപ്സായി |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 27700 | 27700 | | | 27700 ലാപ്സായി |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 3003365 | 3003365 | | 1678489 | 1324876 ലാപ്സായി |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 0 | 4952000 | 4952000 | | 3099660 | 1852340 നീക്കിയിരിപ്പ് |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 1077756 | 1077756 | | 1051389 | 26367 ലാപ്സായി |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 3301000 | 3301000 | | 1581410 | 1719590+ 71240 (പലിശ) നീക്കിയിരിപ്പ് |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 11806000 | 11806000 | | 1797402 | 10008598 ലാപ്സായി |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 6108453 | 6108453 | | 3844040 | 2264413 ലാപ്സായി |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 14662094 | 17747369 |
| ചെലവ് | 17729000 | 17729000 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | (-)3066906 | 18369 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 6047808 | 6419867 |
| ചെലവ് | 6244502 | 6244502 |
| നീക്കിയിരിപ്പ് | (-)196694 | 175365 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 146 | 95965956 | 101 | 51152048 | | 45 | 69.17% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 137910 | 1659040 | 1796950 | 1796934 | 16 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 66651667 | 66651667 | 66651667 | |
| ആകെ | 137910 | 68310707 | 68448617 | 68448601 | 16 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 161760 | 113 |
| കർഷക തൊഴിലാളി പെൻഷൻ | 4056800 | 243 |
| വിധവ പെൻഷൻ | 17270500 | 1249 |
| വാർദ്ധക്യകാല പെൻഷൻ | 36201800 | 2790 |
| വികലാംഗ പെൻഷൻ | 5951400 | 398 |
| അവിവാഹിത പെൻഷൻ | 608000 | 43 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.02.2023 തീയതിയിൽ 11.30 AM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4463/-രൂപയുടെ ക്യാഷ്ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

3.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി

കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.
4. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് തൃപ്തികരമായ മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തൃപ്തികരമായി മോണിട്ടർ ചെയ്യപ്പെടേണ്ടതാണ്.
5.തൻവർഷത്തെ പഞ്ചായത്തിന്റെ പദ്ധതി ചെലവ് 53% മാത്രമാണ്. മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ലഭ്യമായ 11806000/-രൂപയിൽ 10008598/-രൂപയും ചെലവഴിക്കാനായില്ല. പഞ്ചായത്തിന് ലഭ്യമാകുന്ന വിഭവങ്ങൾ പാഴായി പോകുന്നില്ലായെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-10 തൊഴിൽ/സ്ഥാപന നികുതി ഒടുക്കുവരുത്തിയിട്ടില്ല

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്ക് വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | റിലയൻസ്, ഓച്ചിറ | 2021-22 I & II |
| 2 | BSNL കൃഷ്ണപുരം | 2021-22 I & II |

കൂടാതെ മുത്തൂറ്റ് ഫിൻകോർപ്പ് ,കായംകുളം എന്ന സ്ഥാപനം 2021-22 വർഷത്തെ സ്ഥാപന നികുതിയും ഒടുക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-11 പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയ്യതി | പത്രം / ഇൻവോയിസ് നം | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | ആകെ നൽകിയ തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 21070352005500126679/ 16.06.2021 | ALP/21-22/1748 തീ.26.01.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 5141-3856 = 1285 |
| 21070352005500407264/ 14.09.2021 | ALP/21-22/0468 തീ.03.08.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 5141-3856 = 1285 |
| | ALP/21-22/0524 തീ. 12.08.2021 ദേശാഭിമാനി | 40sq Cm | 180 | 6120+ (Gst-306) = 6426 | 24cm@180 =4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 6426-3856 = 2570 |

| | | | | | | |
|---|---|---|---|---|---|---|
| | ALP/21-22/0888<br>തീ. 19.10.2021<br>ദേശാഭിമാനി | 40sq Cm | 180 | 6120+<br>(Gst-306)<br>= 6426 | 24cm@180<br>=4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 6426-3856<br>=<br>2570 |
| 21070352005501079969/<br>08.02.2022 | ALP/21-22/1307<br>തീ. 08.12.2021<br>ദേശാഭിമാനി | 40sq Cm | 180 | 6120+<br>(Gst-306)<br>= 6426 | 24cm@180<br>=4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 6426-3856<br>=<br>2570 |
| | ALP/21-22/1170<br>തീ.21.11.2021<br>ദേശാഭിമാനി | 32sq Cm | 180 | 4896+<br>(Gst-245)<br>= 5141 | 24cm@180<br>=4320<br>15% ഡിസ്കൗണ്ട്= 648<br>4320-648=3672<br>+5% GST<br>3672+184=<br>3856 | 5141-3856<br>=<br>1285 |
| 21070352005501221421/<br>28.02.2022 | KK0444008094<br>തീ.10.01.2022<br>മലയാള മനോരമ | 32sq Cm | 230<br>(ഡിസ്കൗണ്ട് കഴിച്ച്) | 7360+<br>(Gst-368)<br>= 7728 | 24cm@230<br>=5520<br>+5% GST<br>5520+276=<br>5796 | 7728-5796<br>=<br>1932 |
| | ആകെ | | | | | 13497/- |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം 13497/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-2 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 13497/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-12 ഐ.കെ.എം വരിസംഖ്യ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വരിസംഖ്യ

പ്രോജക്ട് നം. : 48/2022

അടങ്കൽ : വികസന ഫണ്ട് - 80688/-

ചെലവ് : 80688/- (ബിൽ റെഫറൻസ് നം.21070352005500199096 തീയതി.13.07.2021)

നിർവഹണം: സെക്രട്ടറി

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 80688/- രൂപ മേൽ ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (80688/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 കുടിവെള്ള പദ്ധതി- ബോർവെൽ നിർമാണം- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

1.പ്രോജക്ട് നം.143/2022

പ്രോജക്ടിന്റെ പേര്: കുടിവെള്ള പദ്ധതി- ബോർവെൽ നിർമാണം

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 942000/-രൂപ

ചെലവ്- 942000/-രൂപ

ട്രാൻസാക്ഷൻ ഐ.ഡി- XVFC/2021-22/P/1 തീ.11.02.2022 (ഇ-ഗ്രാം സ്വരാജ്)

2.പ്രോജക്ട് നം.144/2022

പ്രോജക്ടിന്റെ പേര്: മാലിത്തറ കുടിവെള്ള പദ്ധതി- ബോർവെൽ നിർമാണം

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 942000/-രൂപ

ചെലവ്- 942000/-രൂപ

ട്രാൻസാക്ഷൻ ഐ.ഡി- XVFC/2021-22/P/2 തീ.14.02.2022 (ഇ-ഗ്രാം സ്വരാജ്)

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ മാലിത്തറ വാർഡ്-12, ചാലക്കൽ വാർഡ്-5 എന്നീ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമിക്കുന്നതിന് ആലപ്പുഴ ഭൂജല വകുപ്പ് ഡിസ്ട്രിക്ട് ഓഫീസറുടെ അക്കൌണ്ടിലേയ്ക്ക് മേൽ പ്രകാരം 1884000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1884000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-14 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോ.നം- 88/22)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

ചെലവ് തുക - 2,50,000/- രൂപ (ബിൽ നം - 01/15.3.2022)

ഹോംകോയുടെ പ്രൊഫോർമ ഇൻവോയ്സ് നം 1141/10.12.21 പ്രകാരം ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 2,50,000/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ അയതിന്റെ സ്റ്റോക്ക് വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം. 05/1.2.23) നൽകിയെങ്കിലും മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. നാളിതുവരെ മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 ജീവിത ശൈലി രോഗ നിയന്ത്രണ സാമഗ്രികൾ വാങ്ങൾ - ഗ്ലൂക്കോമീറ്റർ സ്ട്രിപ്പിന് അധിക നിരക്ക് ഈടാക്കി.

പ്രോജക്ടിന്റെ പേര് - ജീവിതശൈലി രോഗ നിയന്ത്രണ സാമഗ്രികൾ വാങ്ങൽ (പ്രോ.നം- 88/22)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, അലോപ്പതി.

ചെലവ് തുക - 24,424/- രൂപ (വൗച്ചർ നം 22100061/ 20.10.21)

ജീവിതശൈലി രോഗ നിയന്ത്രണ സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ടിനായി നാല് ഗ്ലൂക്കോമീറ്ററും 43 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകളും വാങ്ങുന്നതിനായി കെ.എം.എസ്.സി-യുടെ പ്രൊഫോർമ ഇൻവോയ്സ് നം PRF2341/28.9.21 പ്രകാരം തനത് ഫണ്ടിൽ നിന്നും 24,424/- രൂപ പിൻവലിച്ച് കെ.എം.എസ്.സിയ്ക്ക് നൽകുകയുണ്ടായി. പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് ഒരു ഗ്ലൂക്കോമീറ്റർ സ്ട്രിപിന് 500.5 രൂപയാണ്. എന്നാൽ 23.7.2022ലെ ഇൻവോയ്സ് പ്രകാരം ഇവ വിതരണം നടത്തിയപ്പോൾ സ്ട്രിപിന് 546.08 രൂപയാണ് കെ.എം.എസ്.സി ഈടാക്കിയത്. വിലവർദ്ധനവ് മൂലം 43 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾക്ക് പകരം 39 എണ്ണം മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആവശ്യപ്പെട്ട എണ്ണം ഉപകരണങ്ങൾ ലഭിക്കാതിരുന്നിട്ടും യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനാണ് മുൻകൂറായി തുക കൈമാറിയത്. എന്നാൽ തുക കൈമാറി ഒരു വർഷത്തിന് ശേഷം കൂടിയ നിരക്കിൽ ഇവ വിതരണം നടത്തിയ കോർപ്പറേഷന്റെ നടപടി ക്രമവിരുദ്ധമാണ്.

പ്രൊഫോർമ ഇൻവോയ്സ് നം PRF2341/28.9.21 പ്രകാരം 24,424/- രൂപ കെ.എം.എസ്.സിയ്ക്ക് കൈമാറിയെങ്കിലും 24,209 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ശേഷിക്കുന്ന 215/- രൂപ കെ.എം.എസ്.സി-ൽ നിന്നും തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനെ നിലവിലെ മെഡിക്കൾ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

## 1-16 ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - ആവശ്യപ്പെട്ട മരുന്നുകൾ വിതരണം ചെയ്തില്ല.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 28.9.2021ലെ പ്രൊഫോർമ ഇൻവോയ്സ് നം PRF2342 പ്രകാരം ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 2,30,250/- രൂപ കെ.എം.എസ്.സി-യ്ക്ക് കൈമാറിയിട്ടുണ്ട്. താഴെപറയുന്ന ഇൻവോയ്സുകൾ പ്രകാരം മുഴുവൻ തുകയുടേയും മരുന്നുകൾ കൈപ്പറ്റി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ കെ.എം.എസ്.സി വിതരണം ചെയ്ത മരുന്നുകളുടെ ഇൻവോയ്സ് പരിശോധിച്ചതിൽ,

പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട മരുന്നുകളല്ല സ്ഥാപനം വിതരണം ചെയ്തത് എന്നു കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട മരുന്നിന്റെ വിവരം | | ലഭിച്ച മരുന്നിന്റെ വിവരം | | |
|---|---|---|---|---|---|
| | മരുന്നിന്റെ പേര് | എണ്ണം | മരുന്നിന്റെ പേര് | എണ്ണം | ഇൻവോയ്സ് നം |
| 01 | Metaformin 500 Mg Tab | 50,000 | Metaformin 500 Mg Tab | 50,000 | 8022/27.10.21 - 20160/- |
| 02 | Human Moxtaro 30/70 Inj | 1957 | Human Moxtaro 30/70 Inj | 280 | 9476/26.8.22 - 24655/- |
| 03 | Atorvastatin 10 Mg Tab | 25,000 | Atorvastatin 10 Mg Tab | 25,000 | 763/27.10.21 - 15032/- |
| 04 | Clopidogre 75 Mg Tab | 15125 | Clopidogre 75 Mg Tab | 2429 | 9478/26.8.22 - 2835/- |
| 05 | | | Insugen 30/70 Inj | 1957 | 8035/27.10.21- 85082/- 11170/11.1.22 - 81424/- |

പ്രഫോർമ ഇൻവോയ്സ് നം PRF2342ൽ രേഖപ്പെടുത്തിയിട്ടുള്ള മരുന്നുകൾ അതേ അളവിലും നിക്കിലും ലഭ്യമാക്കുവാനാണ് കെ.എം.എസ്.സിയ്ക്ക് മുൻകൂറായി തുക നൽകിയിട്ടുള്ളത്. മേൽ പട്ടിക പരിശോധിച്ചാൽ, Metaformin 500 Mg Tab, Atorvastatin 10 Mg Tab എന്നിവ മാത്രമാണ് കൃത്യമായി വിതരണം ചെയ്തിട്ടുള്ളത്. Human Moxtaro 30/70 Inj 1677 എണ്ണവും Clopidogre 75 Mg Tab 12,696 എണ്ണവും ആവശ്യപ്പെട്ടതിലും കുറവായിട്ടാണ് വിതരണം നടത്തിയത്. ആവശ്യപ്പെടാതിരുന്ന Insugen 30/70 Inj 1957 യൂണിറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.
പ്രൊഫോർമ ഇൻവോയ്സിൽ സൂചിപ്പിച്ചിട്ടുള്ള മരുന്ന് തന്നെയാണ് ലഭിച്ചതെന്ന് ഉറപ്പാക്കേണ്ടതും അല്ലാത്തപക്ഷം ആയത് കൃത്യമായി വിതരണം നടത്തുവാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനോട് നിർദ്ദേശിക്കേണ്ടതുമാണ്.
മേൽ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 07/1.2.23) മറുപടി ലഭ്യമാക്കിയില്ല.

## 1-17 സാന്ത്വന പരിചരണ പദ്ധതി - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ.

പ്രോജക്ടിന്റെ പേര് - സാന്ത്വന പരിചരണ പദ്ധതി (പ്രോ.നം- 30/22)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, അലോപ്പതി.

ചെലവ് തുക - 4,49,626/- രൂപ (ബിൽ നം - 5/1.10.21)

2021-22 വർഷം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സാന്ത്വന പരിചരണ പദ്ധതിയ്ക്കായി 7,70,809/- രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 4,49,626/- രൂപ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 28.9.2021ലെ പ്രൊഫോർമ ഇൻവോയ്സ് നം PRF2342 പ്രകാരം കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയ്ക്കും മരുന്ന് / ഉപകരണങ്ങൾ വിതരണം നടത്തിയില്ല.

താഴെപറയുന്ന മൂന്ന് പ്രഫോർമ ഇൻവോയ്സുകൾ പ്രകാരം 4,49,626/- രൂപയാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയത്. എന്നാൽ വിവിധ ഇൻവോയ്സുകൾ പ്രകാരം ആകെ 423141/-രൂപയുടെ മരുന്ന് / ഉപകരണങ്ങൾ മാത്രമാണ് കെ.എം.എസ്.സി-യിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നം | പ്രഫോർമ ഇൻവോയ്സ് നം | തുക | ലഭിച്ച മരുന്നിന്റെ വില | കുറവ് |
|---|---|---|---|---|
| 01 | PRF2337/ 28.9.21 | 57750/- | 41132/- | 16618/- |
| 02 | PRF2340/ 28.9.21 | 98863/- | 93844/- | 5019/- |
| 03 | PRF2343/ 28.9.21 | 293013/- | 288165/- | 4848/- |
| | Total | 449626/- | 423141/- | 26485/- |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിതരണം നടത്താത്ത മരുന്നുകളുടെ വിലയായ 26485/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2) ഉപകരണങ്ങൾക്ക് അധിക നിരക്ക് ഈടാക്കിയത് സംബന്ധിച്ച്.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഇൻവോയ്സ് പരിശോധിച്ചതിൽ, പല ഉപകരണങ്ങൾക്കും പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടിയ വിലയാണ് ചുമത്തിയിട്ടുള്ളത്. ഉദാഹരണത്തിന് പ്രൊഫോർമ ഇൻവോയ്സ് നം 2340/ 28.9.21 പ്രകാരം വീൽ ചെയറിന് 4123 രൂപയും, 2343/ 28.9.21 പ്രകാരം Glucometer Stripsന് 446.48 രൂപയുമാണ് ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ ടാക്സ് ഇൻവോയ്സിൽ കൂടിയ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉപകരണത്തിന്റെ പേര് | ആവശ്യപ്പെട്ടത് (എണ്ണം) | ലഭിച്ചത് (എണ്ണം) | പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള യൂണീറ്റ് നിരക്ക് | ബിൽ പ്രകാരമുള്ള യൂണീറ്റ് നിരക്ക് |
|---|---|---|---|---|
| Wheel Chair (Life Care) | 7 | 5 | 4123+ 5%GST | 4868.5+ 5%GST |
| Glucometer Strips(cool) 50's | 50 | 45 | 446.48+ 12%GST | 487.58+ 12%GST |

പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനാണ് 28.9.21ൽ കെ.എം.എസ്.സിയ്ക്ക് തുക കൈമാറി സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. എന്നാൽ മേൽ പറയുന്ന ഉപകരണങ്ങൾക്ക് പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കിനേക്കാൾ കൂടിയ വില രേഖപ്പെടുത്തിയാണ് ബിൽ

തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ആവശ്യപ്പെട്ട ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല. പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കിൽ ഉപകരണങ്ങൾ ലഭ്യമാക്കുവാനാണ് കെ.എം.എസ്.സിയ്ക്ക് മുൻകൂറായി തുക നൽകിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സിൽ പരാമർശിച്ചിട്ടുള്ള മരുന്നുകൾ/ ഉപകരണങ്ങൾ അതേ സ്പെസിഫിക്കേഷനിലും അളവിലും നിരക്കിലും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9/1.2.23) മറുപടി ലഭ്യമാക്കിയില്ല.

## 1-18 മുട്ടക്കോഴി വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

വെറ്ററിനറി സർജൻ 2021-22 വർഷം നിർവ്വഹണം നടത്തിയ താഴെപറയുന്ന രണ്ട് പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മുട്ടക്കോഴി വിതരണം - ജനറൽ (പ്രോ.നം 83/22)

ചെലവ് വിവരം.

ബിൽ നം - 01/27.1.2022 - 97,200/- രൂപ (വികസന ഫണ്ട്)

ബിൽ നം - 04/27.1.2022 - 1,42,800/- രൂപ (വികസന ഫണ്ട്)

ബിൽ നം - 06/10.2.2022 - 74,400/- രൂപ (വികസന ഫണ്ട്)

ആകെ - 314400/-

ഗുണഭോക്തൃ വിഹിതം - 5,29,800/- രൂപ

പൊതുവിഭാഗത്തിലെ വനിതകൾക്കായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 5240 എണ്ണം കോഴികുഞ്ഞുങ്ങളെ (524 യൂണീറ്റ്) താഴെപറയും പ്രകാരം വിവിധ ഫാമുകളിൽ നിന്നും വാങ്ങിയിട്ടുണ്ട്. 10 കോഴികുഞ്ഞുങ്ങൾ അടങ്ങിയ ഒരു യൂണീറ്റിന് 1200 രൂപയാണ് ആകെ ചെലവ്. ഇതിൽ 600 രൂപ സബ്സിഡിയും 600 രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

| സ്ഥാപനം | കോഴികുഞ്ഞുങ്ങളുടെ എണ്ണം | നിരക്ക് | ആകെ തുക | സബ്സിഡി |
|---|---|---|---|---|
| മരിയ ഗോട്ട് ഫാം കാഞ്ഞിരപ്പള്ളി | ബിൽ നം 678/11.1.22 – 1620, 679/13.12.22 – 1530 ആകെ-3150 എണ്ണം | 120 | 378000/- | 189000/- |
| എസ്.ജെ പൗൾട്രി ഫാം & എഗ്ഗർ നഴ്സറി | ബിൽ നം 147/7.1.22 – 850 | 120 | 102000/- | 51000/- |
| കൃഷ്ണ പൗൾട്രി ഫാം വെൺമണി | ബിൽ നം 71/ – 1240 | 120 | 148800/- | 74400/- |
| | 5240 | | 628800/- | 314400/- |

മേൽ പരാമർശിച്ച പ്രകാരം 524 യൂണീറ്റിനായി വികസന ഫണ്ടിൽ നിന്നും 314400/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുട്ടക്കോഴി വിതരണം (ജനറൽ) എന്ന പ്രോജക്ടിനായി 947 ഗുണഭോക്താക്കളിൽ നിന്നും 600 രൂപ പ്രകാരം 5,68,000/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിക്കുകയും ഇതിൽ 5,29,800/- ഫാമുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട് . എന്നാൽ മേൽ പരാമർശിച്ച പ്രകാരം 5240 എണ്ണം (524 യൂണീറ്റ്) കോഴികുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ബില്ലും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ശേഷിക്കുന്ന 423 വനിതകൾക്ക് കോഴികുഞ്ഞുങ്ങളെ വാങ്ങി വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ ഗുണഭോക്തൃ വിഹിതം ഫാമുകളിൽ നിന്നും തിരികെ ഈടാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 568000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) മുട്ടക്കോഴി വിതരണ (എസ്.സി) (പ്രോ.നം 89/22)

ചെലവ് വിവരം.

ബിൽ നം - 02/27.1.2022 - 27,300/- രൂപ (വികസന ഫണ്ട്)

ബിൽ നം - 05/27.1.2022 - 52,200/- രൂപ (വികസന ഫണ്ട്)

ബിൽ നം - 07/27.1.2022 - 27,000/- രൂപ (വികസന ഫണ്ട്)
ബിൽ നം - 12/31.3.2022 - 9000/- രൂപ (വികസന ഫണ്ട്)
ബിൽ നം 09/30.3.2022 –151200/- രൂപ (വികസന ഫണ്ട്)

ആകെ പദ്ധതി വിഹിതം - 2,66,700/-

ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് നൽകിയത് - 88,500/- രൂപ

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, പട്ടിക വിഭാഗത്തിലെ വനിതകൾക്കായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 1290 എണ്ണം കോഴികുഞ്ഞുങ്ങളെ (129 യൂണീറ്റ്) താഴെപറയും പ്രകാരം വിവിധ ഫാമുകളിൽ നിന്നും വാങ്ങിയതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 10 കോഴികുഞ്ഞുങ്ങളടങ്ങിയ ഒരു യൂണീറ്റിന് 1200 രൂപയാണ് ആകെ ചെലവ്. ഇതിൽ 900 രൂപ സബ്സിഡിയും 300 ഗുണഭോക്തൃ വിഹിതവുമാണ്.

| സ്ഥാപനം | കോഴികുഞ്ഞുങ്ങളുടെ എണ്ണം | നിരക്ക് | ആകെ തുക | സബ്സിഡി |
|---|---|---|---|---|
| മരിയ ഗോട്ട് ഫാം കാഞ്ഞിരപ്പള്ളി | ബിൽ നം 1024/25.1.22 – 310, 682/13.12.21 – 430 ആകെ-740 എണ്ണം | 120 | 88800/- | 66600/- |
| എസ്.ജെ പൗൾട്രി ഫാം & എഗ്ഗർ നഴ്സറി | ബിൽ നം 146/7.1.22 -150, 170/27.3.22 – 12 ആകെ-162 എണ്ണം | 120 | 19440/- | 14580/- |
| കൃഷ്ണ പൗൾട്രി ഫാം വെൺമണി | ബിൽ നം 70/15.3.22 – 300, 81/15.1.22 – 100, 79/22.3.22 – 156 ആകെ-556 എണ്ണം | 120 | 66720/- | 50040/- |
| | 1458 | | 174960/- | 131220/- |

മേൽ പരാമർശിച്ച പ്രകാരം 1458 എണ്ണം കോഴികുഞ്ഞുങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും 131220/- രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ മേൽ പ്രസ്താവിച്ച പ്രകാരം വിവിധ ട്രഷറി ബില്ലുകൾ പ്രകാരം 2,66,700/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, കൃഷ്ണ പൗൾട്രി ഫാം വെൺമണിയുടെ ബില്ലിൽ (നം 79/22.3.22) 156 കോഴികുഞ്ഞുങ്ങളുടെ വിലയായി 140400/- രൂപയും എസ്.ജെ പൗൾട്രി ഫാം & എഗ്ഗർ നഴ്സറിയുടെ ബില്ലിൽ (നം 170/27.3.22) 12 കോഴികുഞ്ഞുങ്ങളുടെ വിലയായി 10800/- രൂപയും തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് വിശദമായി പരിശോധിക്കാതെ ടി ബില്ലുകളിലെ ആകെ തുകയായ 151200/- ട്രഷറി ബിൽ നം 09/30.3.2022 പ്രകാരം മാറി ടി ഫാമുകൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. തന്മൂലം യഥാർത്ഥത്തിൽ നൽകേണ്ട 131220/- രൂപയ്ക്ക് പകരം 2,66,700/- പിൻവലിച്ച് നൽകി. അധികം നൽകിയ 1,35,480/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

മുട്ടക്കോഴി വിതരണം (എസ്.സി) എന്ന പ്രോജക്ടിനായി 289 ഗുണഭോക്താക്കളിൽ നിന്നും 10 കോഴികുഞ്ഞുങ്ങൾ അടങ്ങിയ ഒരു യൂണീറ്റിന് 300 രൂപ പ്രകാരം 86700/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചിട്ടുണ്ട്. എന്നാൽ ഫാമുകളുടെ ബിൽ പരിശോധിച്ചതിൽ, 1458 എണ്ണം കോഴികുഞ്ഞുങ്ങളെ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 1458 എണ്ണം കോഴികുഞ്ഞുങ്ങൾക്ക് ഒരെണ്ണത്തിന് 30 രൂപ പ്രകാരം ആകെ 43,740/- രൂപ മാത്രമാണ് ഫാമുകൾക്ക് നൽകാവുന്നത്. ഗുണഭോക്തൃ വിഹിതമിനത്തിൽ അധികം നൽകിയ 42,960/- രൂപ ഫാമുകളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-19 പത്താംതരം തുല്യതാപഠനം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് - പത്താംതരം തുല്യതാപഠനം
പ്രോജക്ട് നമ്പർ. - 77/21-22

ചെലവ് - 65700/-

ബിൽ നമ്പർ - 01/03.02.2022

03/03.02.2022

07/20.03.2022

മേൽ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 65700/-രൂപ പിൻവലിച്ച് സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനു വിധേയമായി ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 എസ്സ്എസ്സ്എ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് - എസ്സ്എസ്സ്എ വിഹിതം നൽകൽ

പ്രോജക്ട് നമ്പർ. - 75/21-22

ചെലവ് - 300000/-

മേൽ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 300000/-രൂപ പിൻവലിച്ച് സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/01.02.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനു വിധേയമായി ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-21 അനുപൂരക പോഷകാഹാരം - സാധനങ്ങളുടെ വിലനിലവാരം പരിശോധിക്കപ്പെടുന്നില്ല

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ കാപ്പിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വക നീതി സ്റ്റോറിൽ നിന്നുമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NAC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ളൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു.ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും CWDO/PO/CDPO/ICDS സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലുമൊരാൾ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇപ്രകാരം ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾക്ക് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ അംഗീകാരം ഉണ്ടായിരിക്കണമെന്നും സർക്കുലറിൽ നിഷ്കർഷിക്കുന്നു.എന്നാൽ ടി സ്ഥാപനത്തിന് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ ലൈസൻസ് ലഭിച്ചിട്ടുള്ളതായി രേഖകളില്ല.ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.15/01.02.2023) ഐസിഡിഎസ്സ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടില്ല.അങ്കണവാടി കുട്ടികൾക്കു നൽകുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടുന്ന ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്.കൂടാതെ മേൽ സർക്കുലറിൽ പറഞ്ഞിട്ടുള്ള നിലയിൽ ഓരോ മാസവും വാങ്ങുന്ന സാധനങ്ങളുടെ വിലനിലവാരവും ഉറപ്പുവരുത്തേണ്ടതാണ്.ഇക്കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയില്ല.

1.പ്രോജക്ട് നമ്പർ - 171/21-22
പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം രണ്ടാം ഘട്ടം
ചെലവ്- 856060 (എ.സി.ആർ ബിൽ നം.292/26.03.2022)

2. പ്രോജക്ട് നമ്പർ - 84/21-22
പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം
ചെലവ്- 973700 (1.എ.സി.ആർ ബിൽ നം.233/28.02.2022-224200/-രൂപ
1.എ.സി.ആർ ബിൽ നം.185/28.01.2022-749500/-രൂപ)

മേൽ രണ്ട് പദ്ധതികൾ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിനായി ആകെ 49 ലോപ്പ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾ പ്രകാരം വാങ്ങിയിട്ടുള്ള ലാപ് ടോപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകളോ കൈപ്പറ്റ് വിവരമോ ഹാജരാക്കിയിട്ടില്ല. വിദ്യാർത്ഥികളുടെ അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചില അപേക്ഷകളോടൊപ്പം മതിയായ രേഖകൾ ഹാജരാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | റിമാർക്സ് |
|---|---|---|
| 1 | രേഷ്മ പുഷ്പരാജൻ,നിരീഷ് ഭവനം,കൃഷ്ണപുരം | ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല |
| 2 | കണ്ണൻ,അഞ്ജനാഭവനം,കൃഷ്ണപുരം | ബ്ളോക്ക് വഴി ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഇല്ല |
| 3 | രാഹുൽ.എം,രാഹുൽ ഭവനം,കൃഷ്ണപുരം | ബ്ളോക്ക് വഴി ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഇല്ല |

| | | |
|---|---|---|
| 4 | ബിജിമോൾ.എം,ബിജിഭവനം,കാപ്പിൽ ഈസ്റ്റ് | കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 5 | അഭിജിത്ത്.ആർ,തണ്ടാശ്ശേരിൽ തെക്കേതിൽ,കൃഷ്ണപുരം | ബ്ളോക്ക് വഴി ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം,കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |

മേൽ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 24/02.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച 1829760/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തതു സംബന്ധിച്ച്.

ലൈഫ് ഭവന പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലായെന്നു കാണുന്നു.

| ക്രമ നം | പേര്, മേൽവിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| | ഓമനയമ്മ, ഓരുകാട്ട് വീട്, കാപ്പിൽമേക്ക് കൃഷ്ണപുരം. | 40,000/- | 28/4/2018 |
| | സമീന, റുക്സാന മൻസിൽ, തെക്കനാൽ കൃഷ്ണപുരം | 40,000/- | 31/3/2018 |
| | രാജേശ്വരി, അഭിനന്ദ് ഭവനം, തെക്കനാൽ | 40,000/- | 13/2/2020 |
| | സുജാത, ഭദ്രാലയം, തെക്കനാൽ | 2,60,000/- | 16/12/2019 |
| | വാമാക്ഷി, പതിയാരത്ത് ലക്ഷംവീട് | 3,00,000/- | 20/9/2021 |

മേൽ പരാമർശിച്ചിട്ടുള്ള വ്യക്തികൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 52മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമാക്കിയതെങ്കിലും 21പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ആകെ വകയിരുത്തിയ 18828575 രൂപയിൽ 6194461 രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. 29.44% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ തൻവർഷത്തെ ചെലവ് ശതമാനം. ഇത് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ചെലവിന്റെ ശതമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ പഞ്ചായത്തിന് ലഭ്യമായ 11806000/-രൂപയിൽ 1797402/-രൂപ മാത്രമാണ് ചെലവഴിച്ചത്. തൻവർഷം മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിഏറ്റെടുത്ത 26 പദ്ധതികളിൽ 19 പദ്ധതികളും നടപ്പിലാക്കിയില്ല.

മരാമത്തു പ്രവൃത്തികളിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

## 1-25 പി.എച്ച്.സി സബ്സെന്റർ കെട്ടിട നിർമാണം - ഫൌണ്ടേഷൻ നിർമാണത്തിന് മാത്രമായി പ്രോജക്ട് ഏറ്റെടുത്തു.

| | |
|---|---|
| 1).പ്രോജക്ടിന്റെ പേര് | : പി.എച്ച്.സി സബ്സെന്റർ കെട്ടിട നിർമാണം |
| പ്രോജക്ട് നം. | : 112/2022 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ബൈജു.ആർ |
| അടങ്കൽ: വികസന ഫണ്ട് -ജനറൽ | : 341000/- രൂപ (2021-22) |
| ചെലവ് | : 237795/-രൂപ (ബിൽ റെഫറൻസ് നം. 21070352005301125293തീ.15.02.2022) |

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ പി.എച്ച്.സി സബ് സെന്റർ കെട്ടിട നിർമാണത്തിനായി 2020-21 സാമ്പത്തിക വർഷം 55/2021 നമ്പറായി പ്രോജക്ട് ഏറ്റെടുത്തിരുന്നു. 2020-21 സാമ്പത്തിക വർഷം ആദ്യ പാർട്ട് ബിൽ ആയി 159000/-രൂപ കോൺട്രാക്ടർക്ക് അനുവദിച്ചു. തുടർന്ന് 2021-22-ൽ പ്രോജക്ട് സ്പിൽ ഓവറായി ഏറ്റെടുക്കുകയും മേൽ പ്രകാരം 237795/-രൂപ ഫൈനൽ ബിൽ ആയി കരാറുകാരന് അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

പി.എച്ച്.സി സബ് സെന്റർ കെട്ടിട നിർമാണത്തിനായി രൂപീകരിച്ച ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ഫൌണ്ടേഷൻ നിർമാണത്തിന് വേണ്ടി മാത്രമാണ്. ഈ പദ്ധതിയുടെ പുതുക്കിയ സാങ്കേതികാനുമതി (നം. രേഖപ്പെടുത്തിയിട്ടില്ല) നല്കിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ തൻവർഷമൊ, തൊട്ടടുത്ത വർഷമൊ കെട്ടിട നിർമാണത്തിന്റെ പൂർത്തീകരണം ഉറപ്പു വരുത്തിയതിനു ശേഷം മാത്രമെ അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ ബിൽ മാറി നല്കാവൂ എന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 03.01.2022-ലെ 8(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം കരാറുകാരന് ഫൈനൽ ബിൽ നല്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ശുപാർശ നല്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ മാറി നല്കിയിട്ടുണ്ട്.

എന്നാൽ 2021-22 സാമ്പത്തിക വർഷമൊ, 2022-23 സാമ്പത്തിക വർഷമൊ ഈ പ്രവർത്തി പൂർത്തീകരിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തതായി കാണുന്നില്ല. കെട്ടിടത്തിന്റെ ഫൌണ്ടേഷൻ നിർമാണം മാത്രമായി പ്രോജക്ട് ഏറ്റെടുക്കാനുണ്ടായ കാരണം അറിയിക്കേണ്ടതാണ്. കെട്ടിട നിർമാണത്തിന്റെ പൂർത്തീകരണം ഉറപ്പു വരുത്താതെ തൻവർഷം ചെലവഴിച്ച 237795/-രൂപയുടെ ചെലവ് കെട്ടിട നിർമാണം പൂർത്തീകരിക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.11 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-26 ഗ്രാവൽ ഫില്ലിംഗ്-ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല നഷ്ടം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : എം.സി.എഫ് നിർമാണം |
| പ്രോജക്ട് നം. | : 111/2022 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : അബ്ദുൾ മജീദ് ഖാൻ |
| അടങ്കൽ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് | : 969413/- രൂപ (2021-22) |
| ചെലവ് | : 968460/-രൂപ (ബിൽ റെഫറൻസ് നം. 21070352005300560615തീ.26.10.2021) |

ഈ പ്രവൃത്തിയുടെ 13-ാം ഇനമായി 43.28$m^3$ ഗ്രാവൽ ഫില്ലിംഗിന് (എം ബുക്ക് നം.22/20-21 പേജ് നം.5) 1152/- രൂപ നിരക്കിൽ 49858.56/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രീമെഷർമെന്റ് നടത്തിയാണ് ഫില്ലിംഗിന് തുക അനുവദിച്ചിട്ടുള്ളത്. ടേപ്പ് മെഷർമെന്റ് വഴിയാണ് ഗ്രാവൽഫില്ലിംഗിന്റെ പ്രീമെഷർമെന്റ് എടുത്തതെങ്കിലും ഇപ്രകാരം കണ്ടെത്തിയ അളവിൽ നിന്നും ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല. ഈ പ്രവൃത്തിയിൽ ഇപ്രകാരം കുറവു വരുത്താതിരിക്കുകവഴി 4986/- രൂപയുടെ (4.328 X 1152) അധികചെലവുണ്ടായി. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/01.02.2023) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 ബാരൽ വില ഈടാക്കിയില്ല- നഷ്ടം 10397/-രൂപ

2021-22സാമ്പത്തിക വർഷം കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 104/2022 പതിയാരത്ത് ലക്ഷംവീട് ഭരണിക്കാവ് അതിർത്തി റോഡ് മെയിന്റനൻസ് വാർഡ്-4 | രവീന്ദ്രൻ പിള്ള | 1967 (7ബാരൽx281) | 172851/-രൂപ (ബിൽ റെഫറൻസ് നം. 21070352005300560623തീ.26.10.2021) |
| 2 | 107/2022 കിളിക്കൽമുക്ക് മണക്കാട്ട്മുക്ക് റോഡ് റീടാറിംഗ് രണ്ടാം ഘട്ടം വാർഡ് 13 | ശിവരാമൻ പിള്ള | 3372 (12 ബാരൽx281) | 478532/-രൂപ (ബിൽ റെഫറൻസ് നം. 21070352005300289123തീ.09.08.2021) |
| 3 | 106/2022 കുന്നതറമുക്ക് പുത്തേഴത്ത് മുക്ക് റോഡ് ടാറിംഗ് വാർഡ് 4 | രവീന്ദ്രൻ പിള്ള | 1124 (4 ബാരൽx281) | 198103/-രൂപ (ബിൽ റെഫറൻസ് നം. 21070352005300289119തീ.09.08.2021) |
| 4 | 105/2022 സൂര്യമുക്ക് നടയിൽ കിഴക്കേതിൽ മുക്ക് റീടാറിംഗ് വാർഡ് 4 | രവീന്ദ്രൻ പിള്ള | 3934 (14 ബാരൽx281) | 326802/-രൂപ (ബിൽ റെഫറൻസ് നം. 21070352005300289117തീ.09.08.2021) |
| | ആകെ | | 10397/-രൂപ | |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 10397/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീ.01.02.2023)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം 20770/-രൂപ

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ കാണ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തികൾക്ക് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ നം./ പേര് | എർത്ത് വർക്ക് എസ്കവേഷൻ നടത്തിയ അളവ് | അനുവദിച്ച നിരക്ക് (798.27/M3) | അനുവദിക്കാവുന്ന നിരക്ക് (374.21/M3) | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | 152/ കിടങ്ങിൽമുക്ക് റോഡ് ഓട നിർമാണം (വാർഡ്-5) | 34.2എം3 എം.ബുക്ക് നം.8/21-22 പേജ് നം.16 | 27301 | 12798 | 14503 |
| 2 | 151/ ചേങ്കരമുക്ക് -ചിറ്റക്കാട്ട് മുക്ക് ഓട മെയിന്റനൻസ് | 7.65M3 എം.ബുക്ക് നം.4/21-22 പേജ് നം.21 | 6107 | 2863 | 3244 |
| 3 | 138/ മുടിയിൽ ഓട | 7.128M3 എം.ബുക്ക് | 5690 | 2667 | 3023 |

| | | | | | |
|---|---|---|---|---|---|
| | മെയിന്റനൻസ് | നം.5/21-22 പേജ് നം.11 | | | |
| | ആകെ | | | | 20770/-രൂപ |

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ഫൈനൽ ബിൽ നല്കിയിട്ടുള്ള കവറാട്ട് പന്തപ്ലാവിൽ ഓട നിർമാണം വാർഡ്-2 (പ്രോജക്ട് നം.103) എന്ന പദ്ധതിയിൽ സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് അനുവദിക്കാനുള്ള കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. എർത്ത് വർക്ക് എസ്കവേഷന് അധിക നിരക്ക് അനുവദിച്ചു മൂലമുള്ള നഷ്ടം (20770/-രൂപ) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മറ്റ് വിവരങ്ങൾ

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | കിടങ്ങിൽമുക്ക് റോഡ് ഓട നിർമാണം (വാർഡ്-5) | ചേങ്കരമുക്ക് -ചിറ്റക്കാട്ട് മുക്ക് ഓട മെയിന്റനൻസ് | മുടിയിൽ ഓട മെയിന്റനൻസ് |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| സാങ്കേതികാനുമതി നം. തീയതി | LSGD/TS /2021-2022 /105728 Dt 24.12.2021 | LSGD/TS/2021-2022 /106991 Dt 05.01.2022 | LSGD/TS/2021-2022/87017 Dt 06.01.2022 |
| ആകെ ചെലവ് | 146083 | 141452 | 146007 |
| ബിൽ വിവരം | 304/27.03.2022 (ACR ബിൽ നം) | ബിൽ റെഫറൻസ് നം.21070352005301355913 തീ.17.03.2022 | ബിൽ റെഫറൻസ് നം.21070352005301408600 തീ.22.03.2022 |

## 1-29 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഡിസ് പ്ലേ ബോർഡിന് ഉയർന്ന തുക ചെലവഴിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറകടറുടെ 14.9.2018ലെ 2579/EGS-C/17/REGS നടപടിക്രമം അനുസരിച്ച് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് കുടുംബശ്രീ സംരംഭ ഗ്രൂപ്പിനെ ഏൽപ്പിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകൾക്ക് പരിശീലനം ലഭ്യമാക്കണമെന്നും തൊഴിലുറപ്പ് പദ്ധതിയുടെ എംബ്ലം ടൈലുകളിൽ പതിച്ചശേഷം പ്രസ്തുത ടൈൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ഒട്ടിച്ച് വെക്കണമെന്നും ആയതിനുള്ള പരിശീലനം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലും ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശം നടപ്പിലാക്കിയതായി കാണുന്നില്ല. 2021-22 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിച്ചതിന് ഓരോ പ്രവൃത്തികൾക്കും 5,000/-രൂപ നിരക്കിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു. ഓഡിറ്റ് വർഷം ഡിസ് പ്ലേ ബോർഡുകൾക്കായി ടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പാക്കിയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ വളരെ കുറഞ്ഞ തുകയാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. മിഷൻ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കുകയോ അല്ലാത്തപക്ഷം ഡിസ് പ്ലേ ബോർഡിന് പ്രത്യേകമായി മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് ചെലവ് ചുരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-30 വേണാട്ട്തറ – ചെമ്പകശ്ശേരി റോഡിന് ഓട നിർമ്മാണം (RC-302896) - കവറിംഗ് സ്ലാബ് ഇല്ലാതെ ഓട നിർമ്മാണം നടത്തിയതു സംബന്ധിച്ച്.

വേണാട്ട്തറ – ചെമ്പകശ്ശേരി റോഡിന്റെ വശത്ത് 110 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുന്നതിനായി 6,52,081/- അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി 12/2019 ൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും വാങ്ങിയ ടി പ്രോജക്ട് 2020-21 വർഷം പൂർത്തിയാക്കിയെങ്കിലും തുക നൽകിയിരിക്കുന്നത് തൻവർഷമാണ്.

110 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും 104.35 മീറ്റർ നീളത്തിലാണ് കാന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ഇതിനായി 352389/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഓടയ്ക്ക് പൂർണ്ണമായും കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് പകരം ഓടയുടെ സമീപമുള്ള വീടുകളോട് ചേർന്നുള്ള 27 മീറ്റർ ഭാഗത്ത് മാത്രമാണ് സ്ലാബ് നിർമ്മിച്ചിട്ടുള്ളത്. ശേഷിക്കുന്ന ഭാഗങ്ങൾ തുറന്നു കിടക്കുന്ന അവസ്ഥയിലാണ്. കഴിഞ്ഞ രണ്ട് വർഷത്തോളമായി ഓട തുറന്ന് കിടക്കുന്നതിനാൽ നീരൊഴുക്ക് സുഗമമാക്കാനായി നിർമ്മിച്ച ഓട കൊണ്ട് പ്രയോജനമില്ലാത്ത സ്ഥിതിയാണ്. ഇത് കാൽനട യാത്രക്കാർക്ക് ഉൾപ്പെടെ അപകട ഭീഷണി ഉയർത്തുന്നു. ആവശ്യത്തിന് ഫണ്ട് വകയിരുത്തിയിട്ടും നിർമ്മാണം പാതിവഴിയിൽ അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

27 മീറ്റർ നീളത്തിൽ കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് 161.7 Kg സ്റ്റീൽ ആവശ്യമാണെന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 27 മീറ്റർ നീളത്തിലുള്ള സ്ലാബ് ഓടയുടെ ഏതൊക്കെ ഭാഗത്ത് എത്ര മീറ്ററിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നോ ഓരോ സ്ലാബിനും എത്ര അളവിൽ ഏത് ഗ്രേഡിലുള്ള സ്റ്റീൽ ആണ് ഉപയോഗിച്ചിട്ടുള്ളതെന്നോ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഓട നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ കൃത്യമായ

വിവരം അളവ് പുസ്തകത്തിൽ വ്യക്തമായി പരാമർശിക്കേണ്ടതാണ്.
ഏറ്റെടുക്കുന്ന പദ്ധതികൾ പൂർത്തിയാക്കി പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് മോണിട്ടറിംഗ് സമിതിയും പഞ്ചായത്ത് ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് റോഡ് നിർമ്മാണം .- അപാകതകൾ.

2021-22 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പല റോഡുകളും ഗതാഗതത്തിന് യോജിച്ചതല്ല. കൃത്യമായ ആസൂത്രണമില്ലാതെ ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പാക്കുന്ന ഇത്തരം പ്രോജക്ടുകൾ കേവലം നടപ്പാതകളായി ചുരുങ്ങുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് വാർഡ് 3-ൽ ചെട്ടിയാര് തറ – കുഴിത്തറ കോൺക്രീറ്റ് റോഡ് (RC-298472) നിർമ്മാണത്തിനായി 357472/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വർക്കിന്റെ ഫയൽ പരിശോധിച്ചതിൽ, 174.2 മീറ്റർ നീളത്തിലുള്ള റോഡിന്റെ വീതി പലഭാഗത്തും പല അളവിലാണ്. ആദ്യത്തെ 38.7m ഭാഗത്ത് 0.9 മീറ്ററും തുടർന്നുള്ള 28.9m ഭാഗത്ത് 1 മീറ്ററും മാത്രമാണ് റോഡിന്റെ വീതി. തുടർന്നുള്ള ഭാഗങ്ങളിൽ 2.2m, 2.35m, 2.6m എന്നിങ്ങനെയാണ് വീതി. കേവലം ഒരു ഓട്ടോറിക്ഷയ്ക്ക് പോലും കടന്നുപോകുവാൻ കഴിയാത്തതരത്തിലാണ് റോഡ് നിർമ്മിച്ചിട്ടുളളത്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ഇത്തരം റോഡുകൾ കൊണ്ട് പൊതുജനത്തിന് യാതൊരുവിധ പ്രയോജനവും ലഭിക്കുന്നില്ല.
തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കോൺക്രീറ്റ് റോഡുകൾക്ക് മിനിമം വീതി ലഭ്യമാക്കുന്നതിനും ഇവ സഞ്ചാരയോഗ്യമാണെന്ന് ഉറപ്പാക്കുന്നതിനും ഭരണസമിതി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 കരാറുകാരിൽ നിന്നും ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതെ തുക നൽകി.

2021-22 സാമ്പത്തിക വർഷം കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകിയപ്പോൾ ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ് | കരാറുകാരൻ | സാധന വിലയായി അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|
| 01 | അനിതാലയം - കാവനാൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 13 (RC-293074) | അനിൽ കുമാർ | 252606 | 2526 | 03/04/21 |
| 02 | തറാലേത്ത് റോഡ് കോൺക്രീറ്റിംഗ് വാർഡ് 2 (RC-293213) | അൻഷ | 472874 | 4729 | 01/04/21 |
| 03 | പൊന്നൂരേത്ത് കുറ്റിയിൽ റോഡ് കോൺക്രീറ്റിംഗ് (RC-293072) | ജയചന്ദ്രൻ | 493110 | 4931 | 01/04/21 |
| 04 | കുളയിൽ - പരീച്ചപ്പുഴ റോഡ് കോൺക്രീറ്റിംഗ് വാർഡ് 13 (RC-293502) | അനിൽ കുമാർ | 222849 | 2228 | 03/04/21 |
| 05 | മന്നത്ത്- പന്തപ്ലാവിൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 2 (RC-293527) | സബീന നൗഷാദ് | 295774 | 2958 | 13/04/21 |
| | ആകെ | | | 17372 | |

മേൽക്കാണിച്ചിട്ടുള്ള വിധം ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് മൂലമുണ്ടായ നഷ്ടം 17372/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല -അധിക ചെലവ്

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയ്യതി | പത്രം / ഇൻവോയിസ് നം | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | ആകെ നൽകിയ തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 210703520055OO126679/ 16.06.2021 | ALP/21-22/1748 തീ.26.01.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320 15% ഡിസ്കൗണ്ട്= 648 4320-648 =3672 +5% GST 3672+184= 3856 | 5141-3856 = 1285 |
| 21070352005500407264/ 14.09.2021 | ALP/21-22/0468 തീ.03.08.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320 15% ഡിസ്കൗണ്ട്= 648 4320-648 =3672 +5% GST 3672+184= 3856 | 5141-3856 = 1285 |
| | ALP/21-22/0524 തീ. 12.08.2021 ദേശാഭിമാനി | 40sq Cm | 180 | 6120+ (Gst-306) = 6426 | 24cm@180 =4320 15% ഡിസ്കൗണ്ട് = 648 4320-648 =3672 +5% GST | 6426-3856 = 2570 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 3672+184= 3856 | |
| | ALP/21-22/0888 തീ. 19.10.2021 ദേശാഭിമാനി | 40sq Cm | 180 | 6120+ (Gst-306) = 6426 | 24cm@180 =4320 15% ഡിസ്കൗണ്ട് = 648 4320-648 =3672 +5% GST 3672+184= 3856 | 6426-3856 =2570 |
| 21070352005501079969/ 08.02.2022 | ALP/21-22/1307 തീ. 08.12.2021 ദേശാഭിമാനി | 40sq Cm | 180 | 6120+ (Gst-306) = 6426 | 24cm@180 =4320 15% ഡിസ്കൗണ്ട് = 648 4320-648 =3672 +5% GST 3672+184= 3856 | 6426-3856 =2570 |
| | ALP/21-22/1170 തീ.21.11.2021 ദേശാഭിമാനി | 32sq Cm | 180 | 4896+ (Gst-245) = 5141 | 24cm@180 =4320 15% ഡിസ്കൗണ്ട്= 648 4320-648 =3672 +5% GST 3672+184= 3856 | 5141-3856 =1285 |
| 21070352005501221421/ 28.02.2022 | KK0444008094 തീ.10.01.2022 മലയാള മനോരമ | 32sq Cm | 230 (ഡിസ്കൗണ്ട് കഴിച്ച്) | 7360+ (Gst-368) = 7728 | 24cm@230 =5520 +5% GST 5520+276= 5796 | 7728-5796 =1932 |
| | ആകെ | | | | | 13497/- |

പഞ്ചായത്ത് വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നൽകിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 13497/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-2 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 13497/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഗ്രാവൽ ഫില്ലിംഗ്-ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല നഷ്ടം 4986/-രൂപ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : എം.സി.എഫ് നിർമാണം |
| പ്രോജക്ട് നം. | : 111/2022 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : അബ്ദുൾ മജീദ് ഖാൻ |
| അടങ്കൽ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് | : 969413/- രൂപ (2021-22) |
| ചെലവ് | : 968460/-രൂപ (ബിൽ റെഫറൻസ് നം. 21070352005300560615തീ.26.10.2021) |

ഈ പ്രവൃത്തിയുടെ 13-ാം ഇനമായി 43.28m$^3$ ഗ്രാവൽ ഫില്ലിംഗിന് (എം ബുക്ക് നം.22/20-21 പേജ് നം.5) 1152/- രൂപ നിരക്കിൽ 49858.56/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രീമെഷർമെന്റ് നടത്തിയാണ് ഫില്ലിംഗിന് തുക അനുവദിച്ചിട്ടുള്ളത്. ടേപ്പ് മെഷർമെന്റ് വഴിയാണ് ഗ്രാവൽഫില്ലിംഗിന്റെ പ്രീമെഷർമെന്റ് എടുത്തതെങ്കിലും ഇപ്രകാരം കണ്ടെത്തിയ അളവിൽ നിന്നും ടേപ്പ്മെഷർമെന്റ് നടത്തുന്നതുമൂലമുള്ള 10% കുറവ് വരുത്തിയിട്ടില്ല. ഈ പ്രവൃത്തിയിൽ ഇപ്രകാരം കുറവു വരുത്താതിരിക്കുകവഴി 4986/- രൂപയുടെ (4.328 X 1152) അധികചെലവുണ്ടായി. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/01.02.2023) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ബാരൽ വില ഈടാക്കിയില്ല- നഷ്ടം 10397/-രൂപ

2021-22സാമ്പത്തിക വർഷം കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 104/2022 പതിയാരത്ത് ലക്ഷംവീട് ഭരണിക്കാവ് അതിർത്തി റോഡ് മെയിന്റനൻസ് വാർഡ്-4 | രവീന്ദ്രൻ പിള്ള | 1967 (7ബാരൽx281) | 172851/-രൂപ (ബിൽ റെഫറൻസ് നം. 21070352005300560623തീ.26.10.2021) |
| 2 | 107/2022 കിളിക്കൽമുക്ക് മണക്കാട്ട്മുക്ക് റോഡ് റീടാറിംഗ് രണ്ടാം ഘട്ടം വാർഡ് 13 | ശിവരാമൻ പിള്ള | 3372 (12 ബാരൽx281) | 478532/-രൂപ (ബിൽ റെഫറൻസ് നം. 21070352005300289123തീ.09.08.2021) |
| 3 | 106/2022 കുന്നതറമുക്ക് പുത്തേഴത്ത് മുക്ക് റോഡ് ടാറിംഗ് വാർഡ് 4 | രവീന്ദ്രൻ പിള്ള | 1124 (4 ബാരൽx281) | 198103/-രൂപ (ബിൽ റെഫറൻസ് നം. 21070352005300289119തീ.09.08.2021) |
| 4 | 105/2022 സൂര്യമുക്ക് നടയിൽ കിഴക്കേതിൽ മുക്ക് റീടാറിംഗ് വാർഡ് 4 | രവീന്ദ്രൻ പിള്ള | 3934 (14 ബാരൽx281) | 326802/-രൂപ (ബിൽ റെഫറൻസ് നം. 21070352005300289117തീ.09.08.2021) |
| | ആകെ | | 10397/-രൂപ | |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 10397/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീ.01.02.2023)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി-നഷ്ടം 20770/-രൂപ

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ കാണ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തികൾക്ക് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ നം./ പേര് | എർത്ത് വർക്ക് എസ്റ്റിമേഷൻ നടത്തിയ അളവ് | അനുവദിച്ച നിരക്ക് (798.27/M3) | അനുവദിക്കാവുന്ന നിരക്ക് (374.21/M3) | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | 152/ കിടങ്ങിൽമുക്ക് റോഡ് ഓട നിർമാണം (വാർഡ്-5) | 34.2എം3 എം.ബുക്ക് നം.8/21-22 പേജ് നം.16 | 27301 | 12798 | 14503 |
| 2 | 151/ ചേങ്കരമുക്ക് -ചിറ്റക്കാട്ട് മുക്ക് ഓട മെയിന്റനൻസ് | 7.65M3 എം.ബുക്ക് നം.4/21-22 പേജ് നം.21 | 6107 | 2863 | 3244 |
| 3 | 138/ മുടിയിൽ ഓട മെയിന്റനൻസ് | 7.128M3 എം.ബുക്ക് നം.5/21-22 പേജ് നം.11 | 5690 | 2667 | 3023 |
| | ആകെ | | | | 20770/-രൂപ |

അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ഫൈനൽ ബിൽ നല്കിയിട്ടുള്ള കവറാട്ട് പന്തപ്ലാവിൽ ഓട നിർമാണം വാർഡ്-2 (പ്രോജക്ട് നം.103) എന്ന പദ്ധതിയിൽ സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് എർത്ത് വർക്ക് എസ്റ്റിമേഷന് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് അനുവദിക്കാനുള്ള കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14 തീ.01.02.2023) മറുപടി ലഭ്യമാക്കിയില്ല. എർത്ത് വർക്ക് എസ്റ്റിമേഷന് അധിക നിരക്ക് അനുവദിച്ചതു മൂലമുള്ള നഷ്ടം (20770/-രൂപ) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മറ്റ് വിവരങ്ങൾ

| പ്രോജക്ടിന്റെ പേര് | കിടങ്ങിൽമുക്ക് റോഡ് ഓട നിർമാണം (വാർഡ്-5) | ചേങ്കരമുക്ക് -ചിറ്റക്കാട്ട് മുക്ക് ഓട മെയിന്റനൻസ് | മുടിയിൽ ഓട മെയിന്റനൻസ് |
|---|---|---|---|
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് ഗ്രാന്റ്- റോഡ് | മെയിന്റനൻസ് ഗ്രാന്റ്- റോഡ് |
| സാങ്കേതികാനുമതി നം. തീയതി | LSGD/TS /2021-2022 /105728 Dt 24.12.2021 | LSGD/TS/2021-2022 /106991 Dt 05.01.2022 | LSGD/TS/2021-2022/87017 Dt 06.01.2022 |
| ആകെ ചെലവ് | 146083 | 141452 | 146007 |
| ബിൽ വിവരം | 304/27.03.2022 (ACR ബിൽ നം) | ബിൽ റെഫറൻസ് നം.21070352005301355913 തീ.17.03.2022 | ബിൽ റെഫറൻസ് നം.21070352005301408600 തീ.22.03.2022 |

## 3-5 മുട്ടക്കോഴി വിതരണ (എസ്.സി) (പ്രോ.നം 89/22) - തുക അധികം നൽകി.

പ്രോജക്ടിന്റെ പേര് - മുട്ടക്കോഴി വിതരണ - എസ്.സി (പ്രോ.നം 83/22)

നിർവ്വഹണം - വെറ്ററിനറി സർജൻ

<u>ചെലവ് വിവരം.</u>

ബിൽ നം - 02/27.1.2022 - 27,300/- രൂപ (വികസന ഫണ്ട്)

ബിൽ നം - 05/27.1.2022 - 52,200/- രൂപ (വികസന ഫണ്ട്)

ബിൽ നം - 07/27.1.2022 - 27,000/- രൂപ (വികസന ഫണ്ട്)

ബിൽ നം - 12/31.3.2022 - 9000/- രൂപ (വികസന ഫണ്ട്)

ബിൽ നം 09/30.3.2022 –151200/- രൂപ (വികസന ഫണ്ട്)

ആകെ പദ്ധതി വിഹിതം - 2,66,700/-

ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് നൽകിയത് - 88,500/- രൂപ

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, പട്ടിക വിഭാഗത്തിലെ വനിതകൾക്കായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 1290 എണ്ണം കോഴികുഞ്ഞുങ്ങളെ (129 യൂണീറ്റ്) താഴെപറയും പ്രകാരം വിവിധ ഫാമുകളിൽ നിന്നും വാങ്ങിയതിന്റെ

രേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 10 കോഴികുഞ്ഞുങ്ങളടങ്ങിയ ഒരു യൂണീറ്റിന് 1200 രൂപയാണ് ആകെ ചെലവ്. ഇതിൽ 900 രൂപ സബ്സിഡിയും 300 ഗുണഭോക്തൃ വിഹിതവുമാണ്.

| സ്ഥാപനം | കോഴികുഞ്ഞുങ്ങളുടെ എണ്ണം | നിരക്ക് | ആകെ തുക | സബ്സിഡി |
|---|---|---|---|---|
| മരിയ ഗോട്ട് ഫാം കാഞ്ഞിരപ്പള്ളി | ബിൽ നം 1024/25.1.22 – 310, 682/13.12.21 – 430 ആകെ-740 എണ്ണം | 120 | 88800/- | 66600/- |
| എസ്.ജെ പൗൾട്രി ഫാം & എഗ്ഗർ നഴ്സറി | ബിൽ നം 146/7.1.22 -150, 170/27.3.22 – 12 ആകെ-162 എണ്ണം | 120 | 19440/- | 14580/- |
| കൃഷ്ണ പൗൾട്രി ഫാം വെൺമണി | ബിൽ നം 70/15.3.22 – 300, 81/15.1.22 – 100, 79/22.3.22 – 156 ആകെ-556 എണ്ണം | 120 | 66720/- | 50040/- |
| | 1458 | | 174960/- | 131220/- |

മേൽ പരാമർശിച്ച പ്രകാരം 1458 എണ്ണം കോഴികുഞ്ഞുങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും 131220/- രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ മേൽ പ്രസ്താവിച്ച പ്രകാരം വിവിധ ട്രഷറി ബില്ലുകൾ പ്രകാരം 2,66,700/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതില്ഡ, കൃഷ്ണ പൗൾട്രി ഫാം വെൺമണിയുടെ ബില്ലിൽ (നം 79/22.3.22) 156 കോഴികുഞ്ഞുങ്ങളുടെ വിലയായി 140400/- രൂപയും എസ്.ജെ പൗൾട്രി ഫാം & എഗ്ഗർ നഴ്സറിയുടെ ബില്ലിൽ (നം 170/27.3.22) 12 കോഴികുഞ്ഞുങ്ങളുടെ വിലയായി 10800/- രൂപയും തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് വിശദമായി പരിശോധിക്കാതെ ടി ബില്ലുകളിലെ ആകെ തുകയായ 151200/- ട്രഷറി ബിൽ നം 09/30.3.2022 പ്രകാരം മാറി ടി ഫാമുകൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. തന്മൂലം യഥാർത്ഥത്തിൽ നൽകേണ്ട 131220/- രൂപയ്ക്ക് പകരം 2,66,700/- പിൻവലിച്ച് നൽകി. അധികം നൽകിയ 1,35,480/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 20000 | കമ്മ്യൂണിറ്റി കിച്ചൻ | 20000 | |
| | 2020-21 | 2642724 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 2200000 | 442724 |
| | 2021-22 | 1634876 | ലൈഫ് ഭവന നിർമാണം (ജനറൽ) | 1126526 | 508350 |
| | 2020-21 | 500000 | ബഡ്സ് സ്കൂൾ | 0 | 500000 |
| | 2020-21 | 100000 | ലൈഫ് ഭവന നിർമാണം (എസ്.സി) New | 100000 | |
| | 2020-21 | 1810816 | ലൈഫ് ഭവന നിർമാണം (എസ്.സി) Spill Over | 1660000 | 150816 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 40000 | ലൈഫ് പദ്ധതി ഭൂമിയും വീടുംറ്റി.എസ്.പി | 40000 | |
| | 2021-22 | 50000 | അനുപൂരക പോഷകാഹാരം | 50000 | |
| | 2021-22 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | |
| | 2021-22 | 40000 | ലൈഫ് ഭവന നിർമാണ പദ്ധതി- ജനറൽ | 40000 | |
| | 2021-22 | 540000 | പാലിന് സബ്സിഡി | 540000 | |
| | ആകെ | 7628416 | | 6006526 | 1601890 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 100000 | |
| | 2021-22 | 357504 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 357504 | |
| | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | |
| | 2019-20 | 322587 | ലൈഫ് ഭവന നിർമാണം (എസ്.സി) Spill Over | 145373 | 177214 |
| | 2020-21 | 360000 | ലൈഫ് ഭവന നിർമാണം (എസ്.സി) Spill Over | 360000 | |
| | 2021-22 | 300000 | അഗതി ആശ്രയ പോഷകാഹാര കിറ്റ് | 300000 | |
| | ആകെ | 1540091 | | 1362877 | 177214 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഹെൽത്ത് സെന്റർ പമ്പ് ഹൌസ് | 22100391 തീ.27.02.2022 | 332000 | 332000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22100574 തീ.31.03.2022 | 1581410 | 1581410 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി |
| ഭൂജല വകുപ്പ് | ബോർവെൽ നിർമാണം | XVFC/2021-22/P/1 തീ.11.02.2022 | 942000 | 0 | 942000 |
| | ബോർവെൽ നിർമാണം | XVFC/2021-22/P/2 തീ.14.02.2022 | 942000 | 0 | 942000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ (എം.എസ്) 2278/ തസ്വഭവ 18.8.18 | | 22745024 | 2581334 | | 20163690 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-20 | 2008-09 | 3.5.5-A | ചെറുകിട വ്യവസായം (പട്ടികജാതി വനിത) | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-2 | 2008-09 | 3.5.5-B | വനിതാഘടക പദ്ധതി ക്രമക്കേട് | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-17 | 2008-09 | 3.5.5-B | ട്രഷറിയിൽ നിന്ന് പിൻവലിച്ച് തുക വിതരണം ചെയ്യാത്തത് | വിജിലൻസ് പരിഗണനയിൽ |
| 2006-07 | 3-1എ മുതൽ ജെ വരെ | 2009-10 | 2-10 | വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ | വകുപ്പ് തല നടപടിയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77893197 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74055440 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 183539 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5242428 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 13497 | ശ്രീ.ഷാജഹാൻ.എം |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-2 | | 4986 | ശ്രീമതി.റജീന.എ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 8806 | ശ്രീമതി.റജീന.എ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 20770 | ശ്രീമതി.റജീന.എ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 135480 | ഡോ.ഷിബു.കെ.എസ് വെറ്ററിനറി സർജൻ |
| ആകെ | | 183539 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-12 | 80688 | എം.ഷാജഹാൻ, സെക്രട്ടറി |
| 1-13 | 1884000 | എം.ഷാജഹാൻ, സെക്രട്ടറി |
| 1-14 | 250000 | ഡോ.സജീവ്.വി മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-17 | 26485 | ഡോ.ആനന്ദ്, മെഡിക്കൽ ഓഫീസർ |
| 1-18-1 | 568000 | ഡോ.ഷിബു.കെ.എസ് വെറ്ററിനറി സർജൻ |
| 1-19 | 65700 | ശ്രീമതി സബീന, എച്ച്.എം, ഗവ.യു.പി.എസ് |
| 1-20 | 300000 | ശ്രീമതി സബീന, എച്ച്.എം, ഗവ.യു.പി.എസ് |
| 1-22 | 1829760 | ശ്രീമതി സബീന, എച്ച്.എം, ഗവ.യു.പി.എസ് |
| 1-25 | 237795 | ശ്രീമതി ഷേളി.എം.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 5242428 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-32 | 17372 | എം.ഷാജഹാൻ, സെക്രട്ടറി<br>രാജേഷ്.എസ്, അസി.സെക്രട്ടറി,<br>ആരാധന, തൊഴിലുറപ്പ് പദ്ധതി<br>അക്രഡിറ്റഡ് എൻജിനീയർ. |
| 3-3 | 1591 | ശ്രീമതി.റജീന.എ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 17372 | |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ഷാജഹാൻ സെക്രട്ടറി | സെക്രട്ടറി(തുടരുന്നു) | ഷാജി നിവാസ്, വള്ളികുന്നം |

| | | |
|---|---|---|
| ശ്രീ.സജീവ്.വി<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ<br>ഹോമിയോ ഡിസ്പെൻസറി<br>കൃഷ്ണപുരം | മന വിഹാർ<br>റ്റി.സി135/2027<br>മൈത്രിനഗർ പ്ലെയിൻ<br>വലിയവിള.പി.ഒ<br>തിരുവനന്തപുരം |
| ശ്രീമതി.റജീന.എ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കൃഷ്ണപുരം ഗ്രാമ<br>പഞ്ചായത്ത് | ഷീജ നിവാസ്<br>നാഷണൽ നഗർ<br>പോളയത്തോട്<br>കൊല്ലം |
| ശ്രീമതി.സബീന<br>ഹെഡ്മിസ്റ്റസ് | എച്ച്.എം<br>തയ്യിൽതെക്ക്<br>ജി.എൽ.പി.എസ്<br>കൃഷ്ണപുരം | ആക്കനാട്ടേത്ത്, കട്ടച്ചിറ,<br>പള്ളിക്കൽ.പി.ഒ<br>ആലപ്പുഴ |
| ശ്രീമതി.ആരാധന<br>അക്രഡിറ്റഡ്<br>എഞ്ചിനീയർ | എൻ.ആർ.ഇ.ജി.എസ്<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>കൃഷ്ണപുരം ഗ്രാമ<br>പഞ്ചായത്ത് | അശ്വതി<br>കാപ്പിൽ മേക്ക്<br>കൃഷ്ണപുരം.പി.ഒ<br>ആലപ്പുഴ |
| ഡോ.ആനന്ദ്<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി വള്ളികുന്നം | ദേവിവിലാസം ബംഗ്ലാവ്,<br>നീറോട്ട് വിളാകം,<br>ഊരൂട്ടമ്പലം.പി.ഒ |
| ഡോ.ഷിബു.കെ.എസ്<br>വെറ്ററിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ<br>നൂറനാട് | ദീപം<br>സി.ആർ.എ-146<br>ചെഞ്ചേരി<br>നാലാഞ്ചിറ.പി.ഒ<br>തിരുവനന്തപുരം |
| ശ്രീമതി ഷേളി.എം.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | തിരുവാതിര,<br>സനാതനപുരം.പി.ഒ,<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 1999-00 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05,<br>2005-06 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.എ-പി.4-870/2011/03.10.2013 |
| 2011-12,<br>2012-13 | എൽ.എഫ്.എ-പി.4-1859/14/26.11.2014 |
| 2013-14, | എൽ.എഫ്.എ-പി.4-873/2011/04.08.2015 |

| | |
|---|---|
| 2014-15 | |
| 2015-16 | എൽ.എഫ്.എ-പി.4-1523/16 |
| 2016-17 | എൽ.എഫ്.എ-പി.4-616/17/15.06.2017 |
| 2017-18 | എൽ.എഫ്.എ-പി.4-/ 147/2019/13.02.2019 |
| 2018-19 | കെ.എസ്.എ.എൽ .പി പി-4/312/2020/14.05.2020 |
| 2019-20 | കെ.എസ്.എ.എൽ .പി പി-4/386/2021/12.04.2021 |
| 2020-21 | കെ.എസ്.എ.എൽ .പി പി-4/627/2022/03.07.2022 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്